**കേരള സർക്കാർ**

**സംഗ്രഹം**

ന്യൂനപക്ഷക്ഷേമ വകുപ്പ്- 2018-19 ലെ ബഡ്ജറ്റ്പ്രസംഗ പ്രകാരം സംസ്ഥാനത്ത് ഏഴ് ന്യൂനപക്ഷയുവജന പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചും ഉത്തരവാകുന്നു.

---

**പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്**

**സ.ഉ.(കൈ) നം.27 /2019/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 08-02-2019**

---

പരാമർശം : -
1. 16.08.2008 ലെ സ.ഉ (എം.എസ്) നം.278/2008/പൊ.ഭ.വ.
2. 19-07-2010-ലെ സ.ഉ (എം.എസ്) നം.249/2010/പൊ.ഭ.വ.
3. 01-07-2011-ലെ സ.ഉ (എം.എസ്) നം.21/2011/ഉ.ഭ.പ.വ.
4. 02-02-2013-ലെ സ.ഉ (സാധാ) നം.871/2013/പൊ.ഭ.വ.
5. 28-04-2017-ലെ സ.ഉ (പി) നം.56/2017/ധന
6. 21-07-2018-ലെ സ.ഉ (പി) നം.112/2018/ധന.

**ഉത്തരവ്**

സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്മേൽ പാലോളി മുഹമ്മദ്കുട്ടി കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളനുസരിച്ച് ന്യൂനപക്ഷയുവജനതയ്ക്ക് യു.പി.എസ്.സി., പി.എസ്.സി. , ബാങ്കിങ് സർവ്വീസ് തുടങ്ങിയ മത്സര പരീക്ഷകളിൽ പരിശീലനം നൽകുന്നതിനായി അഞ്ച് പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചു. തുടർന്ന് എല്ലാജില്ലകളിലുമായി 17 പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ന്യൂനപക്ഷയുവജനങ്ങൾക്ക് മത്സരപരീക്ഷകളിൽ പരിശീലനം നൽകുന്നതിനായി ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിനു കീഴിൽ താഴെപ്പറയുന്ന കേന്ദ്രങ്ങളിലായി ഏഴ് ന്യൂനപക്ഷയുവജനപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഇതിനാവശ്യമായ തസ്തികകൾ താഴെപ്പറയും പ്രകാരം താല്ക്കാലികമായി സൃഷ്ടിച്ചുകൊണ്ടും ഉത്തരവാകുന്നു.

| ജില്ല | സ്ഥലം |
|---|---|
| കൊല്ലം | കണ്ണനല്ലൂർ |
| ആലപ്പുഴ | കായംകുളം |
| എറണാകുളം | മട്ടാഞ്ചേരി |
| പാലക്കാട് | പട്ടാമ്പി |
| മലപ്പുറം | വളാഞ്ചേരി |
| കോഴിക്കോട് | പേരാമ്പ്ര |
| കണ്ണൂർ | തലശ്ശേരി |

ടി പരിശീലനകേന്ദ്രങ്ങളുടെ നടത്തിപ്പിനായി ഓരോ കേന്ദ്രത്തിലും സൃഷ്ടിച്ച തസ്തികകൾ

| Sl. No | Post | No. of post | Pay | Qualification | Mode of appointment |
|---|---|---|---|---|---|
| 1 | Principal | 1 | Consolidated pay 41,475/- (G.O. (P) No.56/17/Fin, dated 28.04.2017) | As per G.O(Ms)No.249/2010/GAD Dated 19.07.2010 or G.O.(Rt)No.871/13/GAD Dated 02.02.2013 | On contract basis |
| 2 | Data Entry Operator | 1 | Contract pay 20,350/- (G.O.(P) No.112/18/Fin, dated 21.07.2018) | Pass in Plus two or its equivalent and Diploma in Computer Application | On contract basis |
| 3 | LD clerk | 1 | 20,350/- (G.O.(P) No.112/18/Fin, dated 21.07.2018 ) | As per G.O.(Ms) No. 21/2011/ P&ARD Dated 01.07.2011 | On contract basis |

പരിശീലനകേന്ദ്രം തുടങ്ങുന്നതിന് ഉചിതമായ കെട്ടിടം കണ്ടെത്തുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ന്യൂനപക്ഷക്ഷേമ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിലേയ്ക്കാവശ്യമായി വരുന്ന ചെലവ് 2225-04-102-92-34-OC (NP), 2225-04-001-99-02-4 എന്നീ ശീർഷകങ്ങളിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ. ഷാജഹാൻ**
**സെക്രട്ടറി**

1. ഡയറക്ടർ, ന്യൂനപക്ഷക്ഷേമവകുപ്പ് , വികാസ് ഭവൻ, 4-ാം നില, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
3. ബന്ധപ്പെട്ട ജില്ലാ ട്രഷറി ഓഫീസർമാർക്ക്
4. പൊതുഭരണ(എസ്.സി.)വകുപ്പ്
5. ധനകാര്യവകുപ്പ്
6. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി ആർ വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

(signature)

**സെക്ഷൻ ഓഫീസർ**

പകർപ്പ്: - ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും
വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,
ന്യൂനപക്ഷക്ഷേമ വകുപ്പ് സെക്രട്ടറി യുടെ സിഎ. യ്ക്ക്.
അഡീഷണൽ സെക്രട്ടറി യുടെ സിഎ. യ്ക്ക്.